(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രൊഫഷണൽ കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു ണ്ട്. സ്ഥലം കൃത്യമായി നിശ്ചയിച്ചിട്ടില്ല. ആർട്സ് ആന്റ് സയൻസ് കോളേജു കൾ തുടങ്ങുന്ന കാര്യം ആലോചിച്ചിട്ടില്ല.

(സി) സർവ്വകലാശാലയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ഡി) ഉദിക്കുന്നില്ല.

52 (1266) കൊയിലാണ്ടിയിലെ സംസ്കൃത സർവ്വകലാശാല സെന്റർ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ സംസ്കൃത സർവ്വകലാശാല സെന്ററിനു വേണ്ടി എത്ര ഏക്കർ സ്ഥലമെടുക്കാനാണ് അഡ്വാൻസ് കൊടുത്തതെന്ന് അറിയിക്കുമോ;

(ബി) എത്ര തുക അഡ്വാൻസ് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിച്ചോ എന്ന് അറിയി ക്കുമോ?

ഉത്തരം

(എ) 19.28 ഏക്കർ സ്ഥലം എടുക്കുവാനാണ് അഡ്വാൻസ് കൊടു ത്തത്.

(ബി) 20 ലക്ഷം രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്.

(സി) നടപടി പൂർത്തിയായിട്ടില്ല, സ്ഥലം രജിസ്റ്ററാക്കി തരേണ്ട ചില അവകാശികൾ കൊയിലാണ്ടി സബ്കോടതിയിൽ അന്യായം ഫയൽ ചെയ്തി രിക്കുകയാണ്. അഡ്വാൻസ് കൊടുത്ത തുക തിരികെ ലഭിക്കുവാൻ (യൂണി വേഴ്സിറ്റിയും) കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന് യൂണിവേഴ്സിറ്റി റിപ്പോർട്ട് ചെയ്യുന്നു.

53 (1267) അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളം പരിഷ്കരിക്കുവാൻ നടപടി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. സ്കീമിൽപ്പെടുത്തി പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ ഈ സ്കീം അനുസരിച്ച് അധികജോലി അനദ്ധ്യാപക ജീവനക്കാർക്കും ഉണ്ടാക്കുന്നതിനാൽ അനദ്ധ്യാ പകജീവനക്കാർക്കും ശമ്പളം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രൈവറ്റ് കോളേജ് സ്റ്റാഫിന്റെ വേതനവും മറ്റും പാസ്സാക്കി കൊടുക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി അതാത് കോളേജ് പ്രിൻസിപ്പൽമാരെ ഡ്രോയിംഗ് ഓഫീസർമാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി മാറ്റുന്നതിനാൽ കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ തസ്തികകൾക്ക് സംരക്ഷണം കിട്ടുന്നതിനായി നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കോഴ്സുകളുടെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുമ്പോൾ അതിന്റെ ആനുകൂല്യം അനദ്ധ്യാപക ജീവനക്കാർക്കും ലഭിക്കുമെന്നതിനാൽ ഇവർക്ക് പ്രത്യേക പരിഷ്കരണം സാദ്ധ്യമല്ല.

(ബി) നിർവ്വാഹമില്ല. പ്രൈവറ്റ് കോളേജ് ജീവനക്കാരുടെ വേതനവും മറ്റും പാസ്സാക്കിക്കൊടുക്കുന്ന ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനോടനുബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടറാഫീസുകൾ നിലവിലില്ലാത്ത ജില്ലാ ആസ്ഥാനങ്ങളിൽ പുതിയ ആഫീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ ജില്ലാ ആഫീസുകൾ നിലവിൽ വരുമ്പോൾ വേതനവും മറ്റും പാസ്സാക്കിക്കൊടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതാണ്.

(സി) അംഗീകൃത സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമിക്കപ്പെട്ട അനദ്ധ്യാപകർക്ക് സംരക്ഷണം നൽകുന്നതാണ്.

54 (1268) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അദ്ധ്യാപകരെ നിയമിക്കുന്നതിന് എന്നാണ് നടപടി തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ;

(ബി) മുഴുവൻ വിഷയങ്ങളിലെയും ആവശ്യമായ അദ്ധ്യാപകരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടുണ്ടോ;

(സി) അദ്ധ്യയനവർഷം അവസാനിക്കാൻ മൂന്നുമാസങ്ങൾ മാത്രം അവശേഷിച്ചിരിക്കുന്ന സമയമായിട്ടും ചില വിഷയങ്ങളിൽ ആവശ്യമായ അദ്ധ്യാപകരെ ഇനിയും നിയമിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വിഷയങ്ങളിലേക്കുള്ള അദ്ധ്യാപക നിയമനമാണ് ഇനിയും നടത്താനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയതായി അദ്ധ്യയനവർഷം ആരംഭിക്കുന്ന മാസംതന്നെ സർക്കാർ സ്കൂളികളിലേക്ക് ആവശ്യമായ ഹയർ സെക്കണ്ടറി, വൊക്കേഷ

LIBRARY ARCHIVES Kerala Legislative Assembly